വഴിവെളിച്ചം

# പ്രവാചക സ്നേഹം

عَن أَنَس رَضِي اللَّهُ عَنهُ قَالَ: قَالَ رَسُولُ اللَّهِ ﷺ: لاَ يُؤْمِنُ أَحَدُكُمْ حَتَّى أَكُونَ
أَحَبَّ إِلَيْهِ مِنْ وَالِدِهِ وَوَلَدِهِ وَالنَّاسِ أَجْمَعِين

**അനസി(റ)ൽനിന്ന് നിവേദനം: "നിങ്ങളിലൊരാളുംതന്നെ സത്യവിശ്വാസിയാവുകയില്ല; സ്വന്തം പിതാവിനെക്കാളും പുത്രനെക്കാളും മുഴുവൻ ജനത്തെക്കാളും അയാൾക്ക് പ്രിയപ്പെട്ടവൻ ഞാനാകുന്നതുവരെ." (ബുഖാരി, മുസ്‌ലിം)**

**നേതാവും** അനുയായികളും പരസ്പരം സ്നേഹിക്കണം. അല്ലെങ്കിൽ ഏത് പ്രസ്ഥാനവും പരാജയപ്പെടും. നേതാവിന് അനുയായികളിൽനിന്ന് ലഭിക്കുന്ന സ്നേഹം അയാളുടെ വ്യക്തിത്വത്തിന് നൽകുന്ന അംഗീകാരം മാത്രമല്ല, ആദർശത്തിന്റെ തേട്ടവുമാണ്.

ഇങ്ങനെ നോക്കുമ്പോൾ ലോകാനുഗ്രഹിയായ മുഹമ്മദ് നബി(സ)യോട് അനുചരന്മാർ പ്രകടിപ്പിച്ച കളങ്കമറ്റ സ്നേഹം, അതിലടങ്ങിയ ആത്മാർഥതയും ആത്മസമർപ്പണവും കൊണ്ട് ഏറെ മാതൃകാപരമാണ്. അദ്ദേഹത്തെപ്പോലെ സ്നേഹിക്കപ്പെടുകയും അനുസരിക്കപ്പെടുകയും ചെയ്ത മറ്റൊരു നേതാവില്ല. ഇസ്‌ലാമിന്റെ ശത്രുക്കൾ പോലും സമ്മതിക്കുന്നതാണിത്.

മുഴുവൻ ലോകത്തിനും അനുഗ്രഹമാണ് മുഹമ്മദ് നബി. അതുകൊണ്ടു തന്നെ മുഴുവൻ ലോകത്തിന്റെയും സ്നേഹവും ആദരവും അദ്ദേഹം അർഹിക്കുന്നു. ജനകോടികളുടെ ഹൃദയങ്ങളിൽ അദ്ദേഹം ഇന്നും ജീവിക്കുന്നതിന്റെ കാരണവും അതുതന്നെ.

പ്രവാചക സ്നേഹത്തിന്റെ അർഥം പ്രവാചകനിലൂടെ അവതരിച്ചുകിട്ടിയ ആശയാദർശങ്ങളെയും സ്വഭാവ ചര്യകളെയും ജീവിതത്തിൽ പകർത്തുകയെന്നതാണ്. അത് അംഗീകരിക്കാതെ പ്രവാചകസ്നേഹം പറഞ്ഞു നടക്കുന്നതിൽ അർഥമില്ല.

മുഹമ്മദ് നബി(സ)യെ മനസ്സിലാക്കാതെ അദ്ദേഹത്തെ സ്നേഹിക്കാനും സാധ്യമല്ല.

ഈ കാര്യത്തിൽ സ്വഹാബിമാരാണ് നമുക്ക് മാതൃക. പ്രവാചകന്റെ കൽപനകൾ അക്ഷരംപ്രതി ജീവിതത്തിൽ പകർത്താൻ അവർ കാണിച്ച ഔത്സുക്യം മതി അവരുടെ പ്രവാചക സ്നേഹത്തിന് തെളിവായി.

നബിയുടെ കാൽപാടുകൾ കണിശമായി പിന്തുടർന്നു ജീവിച്ചവരാണവർ. ഒരിക്കൽ ഒരു സ്വഹാബി അംഗശുദ്ധി വരുത്തിയ ശേഷം പുഞ്ചിരിച്ചു. അനവസരത്തിലുള്ള ഈ പുഞ്ചിരി ആവർത്തിച്ചു. "നിങ്ങൾ പുഞ്ചിരിക്കുന്നതിൽ എന്താ കാര്യം?" ഒരാൾ ചോദിച്ചു. അയാളുടെ മറുപടി: "നബി അങ്ങനെ ചെയ്തിരുന്നു. ഞാൻ അത് പകർത്തി." ഒരു പുഞ്ചിരിയുടെ മാതൃകപോലും അവർ ജീവിതത്തിൽ പകർത്താതിരുന്നിട്ടില്ലെന്ന് അർഥം.

ഉഹ്ദ് യുദ്ധത്തിൽ പ്രവാചകൻ കൊല്ലപ്പെട്ടു എന്ന വാർത്ത പരന്നു. ഒരു സ്വഹാബി വനിതക്ക് അത് സഹിക്കാനായില്ല. അവർ വീട് വിട്ടിറങ്ങി. വഴിയിൽ കാണുന്നവരോടെല്ലാം വാർത്ത ശരിയാണോ എന്നന്വേഷിച്ചു. ഉഹ്ദിൽനിന്നു വരുന്ന ഒരു പട്ടാളക്കാരൻ പറഞ്ഞു: "സോദരീ, നിങ്ങളുടെ ഭർത്താവും പിതാവും മകനും രക്തസാക്ഷികളായിട്ടുണ്ട്." നെഞ്ച്പിളർക്കുന്ന ദുരന്തവാർത്ത അറിഞ്ഞിട്ടും നബി(സ)ക്ക് എന്ത് പറ്റി എന്നാണവർ ചോദിച്ചത്. "നബി സുരക്ഷിതനാണ്" എന്നവർ പറഞ്ഞിട്ടും ആ സ്ത്രീ അടങ്ങിയില്ല. അവർ യുദ്ധക്കളത്തിലേക്ക് ഓടി. പ്രവാചകനെ കണ്ടപ്പോൾ ആഹ്ലാദത്തോടെ വിളിച്ചു പറഞ്ഞു: "നബിയേ, അവിടുന്ന് ജീവിച്ചിരിപ്പുണ്ടെങ്കിൽ എന്റെ പിതാവിന്റെയും മകന്റെയും ഭർത്താവിന്റെയും വേർപാട് എനിക്ക് നിസ്സാരമാണ്."

ശത്രുക്കൾ രണ്ട് സ്വഹാബിമാരെ വധിക്കാൻ തീരുമാനിച്ചു. വാൾ മൂർച്ച കൂട്ടുന്നതിനിടയിൽ ഒരാൾ ചോദിച്ചു: "നിങ്ങൾക്ക് പകരം മുഹമ്മദിനെ വധിക്കുന്നത് ഞങ്ങൾക്ക് ഇഷ്ടമാണെന്ന് പറയുകയാണെങ്കിൽ നിങ്ങളെ വിട്ടയക്കാം." പ്രതികരണം ഉടൻ വന്നു: "അല്ലാഹുവാണ, നബിയുടെ കാലിൽ ഒരു മുള്ളു തറക്കുന്നതുപോലും ഞങ്ങൾ സഹിക്കില്ല." ഇതു കേട്ടപ്പോൾ നേതാവായ അബൂസുഫ്യാൻ പറഞ്ഞു: "മുഹമ്മദിന്റെ അനുയായികളുടെ സ്നേഹം അപാരം തന്നെ. അതിന് സമാനതകളില്ല." പ്രവാചക സ്നേഹത്തിന്റെ മറ്റൊരു ഉജ്വല മാതൃക! ■

**അബ്ദുൽജബ്ബാർ കൂരാരി**